# ST THOMAS COLLEGE (AUTONOMOUS), THRISSUR

NEWSLETTER

Vision: Transforming Youth through Holistic Education towards an Enlightened Society.










With a scintillating performance of maximum backflip with push up in 30 seconds Sabarinath of Multimedia department secured his place in Indian Book of Records.

NSS unit of the College observed World Day of the Sick on 11 February 2022.

Mr. Ghansyam Prabhu, our Department of Physics alumnus, got selected as Renji trophy Umpire.




ഇനി രഞ്ജിട്രോഫി അമ്പയർ

ബാങ്കുജോലി ഉപേക്ഷിച്ചുള്ള ശ്രമം

## ഘനശ്യാം പ്രഭുവിന്റെ സ്വപ്നം പൂവണിഞ്ഞു

**ചേർപ്പ്** ▸ രഞ്ജിട്രോഫി അമ്പയർ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഘനശ്യാം പ്രഭു (33) അസമിലെ ഗുവാഹാട്ടിയിലേക്ക് വ്യാഴാഴ്ച പുറപ്പെടും. രഞ്ജിയിൽ അമ്പയർ ആവുക എന്ന സ്വപ്നത്തിനു പിറകെ സഞ്ചരിച്ച ചെറുപ്പക്കാരൻ ഒൻപതുവർഷത്തിനു ശേഷം ലക്ഷ്യത്തിലെത്തുകയാണ്. രഞ്ജി ട്രോഫിയിൽ അമ്പയറാകുന്ന രണ്ടാമത്തെ തൃശ്ശൂർക്കാരനാണ് ഘനശ്യാം.

22 വർഷത്തിനുശേഷമാണ് തൃശ്ശൂരിൽനിന്ന് ഒരു അമ്പയർ കൂടി രഞ്ജി ട്രോഫിമത്സരം നിയന്ത്രിക്കാനെത്തുന്നത്.

കോളേജിൽ പഠിക്കുമ്പോൾ തന്നെ അമ്പയറാവുക എന്ന മോഹമുദിച്ചിരുന്നു. 24-ാം വയസ്സിൽ അക്കാര്യം ഉറപ്പിച്ചു. കാനറാ ബാങ്കിലെ ക്ലറിക്കൽ ജോലി അതിനായി ഉപേക്ഷിച്ചു. ലക്ഷ്യത്തിലെത്താനുള്ള ശ്രമം തുടങ്ങി. 2015 -ലാണ് നാഗ്പൂരിൽ ബി.സി.സി.ഐ. ലെവൽ ബി പ്രാക്ടിക്കലും വൈവാവോസിയും കഴിഞ്ഞത്. അന്ന് തിരഞ്ഞെടുക്കപ്പെട്ട രണ്ടു തിരുവനന്തപുരം സ്വദേശികൾ ഉൾപ്പെടെ മൂന്നുമലയാളികളിൽ ഘനശ്യാമാണ് യോഗ്യത നേടിയത്.

ഫെബ്രുവരി 17-ന് ജാർഖണ്ഡ്-ഛത്തീസ്ഗഢ് മത്സരവും മാർച്ച് മൂന്നിന് ഡൽഹി - ഛത്തീസ്ഗഢ് മത്സരവും ഘനശ്യാം നിയന്ത്രിക്കും. ചെറുപ്പം മുതൽ ക്രിക്കറ്റ് കളിയിൽ ശോഭിച്ച ഘനശ്യാം നല്ലൊരു ബാറ്റ്സ്മാൻ ആണ്. അണ്ടർ-15 സംസ്ഥാന ടീമിലും തൃശ്ശൂർ സെയ്ന്റ് തോമസ് കോളേജ് ടീമിലും ഉണ്ടായിരുന്നു.

കോളേജിൽ പഠിക്കുമ്പോഴാണ് അമ്പയർ ആയി തുടക്കം. ജില്ലാ ലീഗ് മത്സരങ്ങളിൽ തുടങ്ങി വിവിധ മത്സരങ്ങളിൽ കഴിവുതെളിയിച്ച് സംസ്ഥാന പാനലിൽ എത്തി. ശേഷമാണ് ബി.സി.സി.ഐ. ലെവൽ-ടു പാസായി രഞ്ജി ട്രോഫി അമ്പയറിങ്ങിലേക്കുള്ള വഴിതുറന്നത്. മണ്ണുത്തി സ്വദേശിയായ ബി. അജിത് കുമാറാണ് മുമ്പ് രഞ്ജി ട്രോഫിയിൽ അമ്പയറായ തൃശ്ശൂർക്കാരൻ. ഇദ്ദേഹം അടക്കം ആകെ എട്ട് മലയാളികളാണ് മുമ്പ് രഞ്ജി ട്രോഫിയിൽ അമ്പയറായിട്ടുള്ളത്.

പുത്തറക്കൽ വടക്കേത്തല പരേതനായ പ്രഭുവിന്റെയും ലിസിയുടെയും മകനാണ് ഘനശ്യാം. ആയുർവേദ ഡോക്ടറായ അഞ്ജലിയാണ് ഭാര്യ.

ഈ രംഗത്തെ ഗുരുനാഥൻ ബി. അജിത് കുമാർ. ക്രിക്കറ്റ് കളിയിൽ വലിയ പ്രോത്സാഹനം നൽകുന്ന ചേർപ്പ് പയനിയേഴ്സ് ക്രിക്കറ്റ് ക്ലബ്ബ് സുഹൃത്തുക്കൾ എന്നിവർക്ക് ഈ അവസരത്തിൽ നന്ദി പറയുന്നതായി ഘനശ്യാം പറഞ്ഞു.

ഘനശ്യാം പ്രഭു

10/02/2022 THRISSUR Pg 04




IEDC of the College organised a podcast on 11 February 2022.




NSS unit of the College organised an agricultural venture on 11 February 2022.